LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൾക്ക് അനുവദിക്കുന്ന തുക ലഭ്യമാക്കുന്നതിലെ താമസം ഒഴിവാക്കാൻ നടപടി

* 27 [600] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുക സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ ഒരുമിച്ചുനൽകുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

ധനകാര്യവും, എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകമുഴുവനും സാമ്പത്തിക വർഷത്തിന്റെ അവസാനമാസത്തിൽ ഒരുമിച്ചു നൽകുന്ന സംവിധാനമല്ല നിലവിലുള്ളത്. വിവിധ വകുപ്പുകൾക്ക് അവയുടെ ബഡ്ജറ്റ് വിഹിതം സാമ്പത്തിക വർഷത്തിന്റെ വിവിധ ഘട്ടങ്ങളിൽ ആവശ്യാനുസരണം ചെലവഴിക്കുന്നതിനുള്ള അവസരം നിലവിലുള്ള സംവിധാനം അനുവദിക്കുന്നുണ്ട്. എന്നാൽ പല വകുപ്പുകൾക്കും വിവിധ കാരണങ്ങളാൽ ബഡ്ജറ്റ് വിഹിതത്തിന്റെ സിംഹഭാഗവും സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ മാത്രമേ ചെലവഴിക്കാൻ സാധിക്കുന്നുള്ളൂ. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കേണ്ട പദ്ധതികളുടെ ഭരണാനുമതി സംബന്ധിച്ച നടപടികൾ ആഗസ്റ്റ് മാസത്തിനകം പൂർത്തിയാക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ചെലവിനുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ പ്രതിമാസ പരിധി മുൻകൂറായി നിശ്ചയിച്ചുനൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വോട്ടോൺ അക്കൗണ്ട് ഒഴിവാക്കികൊണ്ട് സമ്പൂർണ്ണ ബഡ്ജറ്റ് മാർച്ച് മാസത്തിൽത്തന്നെ പാസ്സാക്കാനാകുമോ എന്ന കാര്യം സർക്കാർ ഇപ്പോൾ പരിശോധിച്ചുവരുന്നുണ്ട്.

നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുവാൻ പദ്ധതി

* 28 [601] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ തലത്തിൽ പഠിക്കുന്ന നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുവാൻ ഉതകുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തന രീതി വിശദീകരിക്കുമോ:

(സി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു നൂതന പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ എന്ന് വ്യക്തമാക്കാമോ?

വനവും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ—സി) സംസ്ഥാന സ്കൂൾതലത്തിൽ പഠിക്കുന്ന നിർദ്ധനരും കായികാഭിരുചിയുള്ളവരുമായ കുട്ടികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട '129' സ്പെഷ്യൽ കോച്ചിംഗ് സെന്ററുകളിലൂടെ പ്രസ്തുത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ട്. കൂടാതെ ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ചും വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ട്. സ്കൂൾ തലത്തിൽ 7-ാം ക്ലാസിൽ പഠിക്കുന്ന കായിക രംഗത്തെ സമർത്ഥരായ 120 വിദ്യാർത്ഥികളെ വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സബ് ജില്ല, ജില്ല സോണൽ കായിക മൽസരങ്ങളിലൂടെ തെരഞ്ഞെടുത്ത് ജി. വി. രാജാ സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ പ്രവേശനം നൽകുകയും 10-ാം ക്ലാസുവരെയുള്ള എല്ലാ ചെലവുകളും സർക്കാർ വഹിക്കുകയും ചെയ്യുന്നു. സംസ്ഥാന ജില്ലാ മൽസരവിജയികൾക്ക് പ്രൈസ്മണിയും ദേശീയ മൽസരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് 5000 രൂപ, 4000 രൂപ, 3000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും നൽകുന്നുണ്ട്. കൂടാതെ എസ്. എസ്. എൽ. സി., ഹയർ സെക്കണ്ടറി, വി. എച്ച്. എസ്. പരീക്ഷകൾക്ക് ഗ്രേസ് മാർക്കും നൽകിവരുന്നു. മേൽപ്പറഞ്ഞവ കൂടാതെ കേരളാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 37 സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കേരളാ സ്പോർട്സ് കൗൺസിൽ ത്രിതല പഞ്ചായത്തുമായി സഹകരിച്ച് 78 സ്കൂളുകളിൽ 5-ാം ക്ലാസിൽപഠിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് 13 കുട്ടികളെ വീതം തെരഞ്ഞെടുത്ത് വിദഗ്ദ്ധ പരിശീലനം നൽകുകയും കുട്ടികളുടെ കായികാഭിരുചി മനസ്സിലാക്കി 7-ാം ക്ലാസ്സുമുതൽ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കായിക ഇനങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതും മികവു തെളിയിക്കുന്ന കുട്ടികളെ കേരളാ സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലേക്ക് തെരഞ്ഞെടുക്കുന്നതും അങ്ങനെ അവർക്ക് 12-ാം ക്ലാസു വരെയും അതിനു ശേഷം കോളേജ് തലത്തിലും പരിശീലനം നേടാൻ കഴിയത്തക്ക തരത്തിലുള്ള ഒരു പദ്ധതിക്ക് കേരളാ സ്പോർട്സ് കൗൺസിൽ രൂപം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ വിജയകരമെന്നു കണ്ടാൽ സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളിലും ഇത് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly